"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ്- പുനർഗേഹം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടതും, സുരക്ഷിത മേഖലയിൽ സ്വന്തമായി ഭൂമി ഉള്ളവരുമായ 355 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം അനുവദിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(കൈ) നം.1/2024/F&P തീയതി,തിരുവനന്തപുരം, 05-01-2024

പരാമർശം:-
1. 26/12/2019-ലെ സ.ഉ.(സാധാ)നം.1009/2019/മതുവ
2. 07/01/2020-ലെ സ.ഉ.(സാധാ) നം.13/2020/മതുവ
3. ഫിഷറീസ് ഡയറക്ടറുടെ 22/02/2023-ലെ ഡി.എഫ്.ടി.വി.എം/28/2023-എസ്1 പി.ഐ.യു നമ്പർ കത്ത്.

**ഉത്തരവ്**

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്ന 2,450 കോടി രൂപ അടങ്കൽ തുകയുള്ള 'പുനർഗേഹം' പദ്ധതിക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. പദ്ധതി നിർവഹണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

2) പുനർഗേഹം പദ്ധതിയുടെ പരാമർശം (2) പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും പദ്ധതി ഗുണഭോക്താക്കളായി പരിഗണിക്കാമെങ്കിലും, അപേക്ഷകനോ/പങ്കാളിയ്ക്കോ 50 മീറ്ററിനുള്ളിലല്ലാതെ ഭൂമി ഇല്ലായെന്ന് നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം അപേക്ഷകൻ സമർപ്പിക്കേണ്ടതാണെന്ന് നിഷ്ക്കർഷിക്കുന്നുണ്ട്. നിലവിൽ പുനർഗേഹം പദ്ധതിയുടെ സർവ്വേ ലിസ്റ്റിൽ ഉൾപ്പെടുകയും, എന്നാൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിയ്ക്ക് പുറത്ത് ഭൂമി ഉണ്ടെന്ന കാരണത്താൽ പദ്ധതിയുടെ ഭാഗമാകുവാൻ സാധിക്കാത്തതുമായ കുടുംബങ്ങളും കടലാക്രമണ ഭീതിയിലാണെന്നും ഇവർക്ക് സുരക്ഷിത മേഖലയിൽ സ്വന്തമായി ഭൂമി ഉണ്ടെന്നതിനാൽ പുനർഗേഹം പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുകയില്ലെന്നും ആയതിനാൽ, വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന

നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം അനുവദിക്കണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. ഇതിനാവശ്യമായ തുക പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും കണ്ടെത്താവുന്നതാണെന്നും ഫിഷറീസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വേലിയേറ്റ രേഖയിൽ നിന്നും 200 മീറ്ററിന് പുറത്ത്, സുരക്ഷിത മേഖലയിൽ സ്വന്തമായി സ്ഥലമുള്ളവരും, നിലവിൽ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നതുമായ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ട 355 ഗുണഭോക്താക്കളെ പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി പരാമർശം (2) പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തിയും പ്രസ്തുത ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ വീതം പുനർഗേഹം പദ്ധതിയ്ക്കായി ഭരണാനുമതി നൽകിയിട്ടുള്ള 2450 കോടി രൂപയിൽ നിന്നും അനുവദിച്ചും ഉത്തരവാകുന്നു.

4) പരാമർശം (2) സർക്കാർ ഉത്തരവ് മേൽ പരാമർശിത ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K S SRINIVAS
പ്രിൻസിപ്പൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (ആഡിറ്റ്) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ, (എ & ഇ) കേരളം, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.1958 തീയതി: 03/01/2024)
ധനകാര്യവകുപ്പ് (11/07/2023, 23/11/2023 എന്നീ തീയതികളിലെ 2413996/WCD-2/127/2023-FIN നമ്പർ കുറിപ്പ് പ്രകാരം)
ഡെപ്യൂട്ടി ഡയറക്ടർ II, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ